(ബി) പരീക്ഷാ യോഗ്യത ഇല്ലെന്നുള്ള കാരണത്താലാണ്.
(സി) ഉണ്ട്.
(ഡി) ആയതു് ഗവണ്മെൻറിന്റെ പരിഗണനയിലാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാലക്കാട്ട ജില്ലയിൽനിന്നും കോൽക്കാരൻ പെയിൻമാൻ തുടങ്ങിയ ഉദ്യോഗസ്ഥന്മാരെ പിരിച്ചു വിട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഇവിടത്തെ ചോദ്യം വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റൻറ് ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാരെപ്പറ്റിയാണ്. അതുകൊണ്ട് ഈ ചോദ്യത്തിനു് ഉത്തരം പറയാൻ വിഷമമുണ്ട്. നോട്ടീസു വേണം.

ശ്രീ: കെ. കരുണാകരൻ: പരീക്ഷാ യോഗ്യത ഇല്ലാത്തവർ എങ്ങനെ സർവ്വീസിൽ വന്നു. അങ്ങനെ വന്നസ്ഥിതിക്കു് അവരെ പിരിച്ചുവിടേണ്ട കാര്യമുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഇതു് മുമ്പുള്ളതാണ്. എങ്ങനെ വേണമെന്നുള്ളതിനെപ്പറ്റി പരിശോധിക്കാം. ടെസ്റ്റ് കമ്പളിഫിക്കേഷൻ ഇല്ലെന്നു പറഞ്ഞാണു് പിരിച്ചുവിട്ടതു്. പിന്നീടു് അവർ കൊടുത്ത പെറ്റിഷനിൽ ടെസ്റ്റ് കമ്പളിഫിക്കേഷൻ ഉള്ളവരാണെന്നു പറഞ്ഞിട്ടുണ്ട്. ഗവണ്മെൻറ് ഇതിനെ സംബന്ധിച്ചു് ഒരു റിപ്പോർട്ട് വരുത്തിയിട്ടുണ്ടു്. അതു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ഐ. രാജൻ: എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന വില്ലേജ് അസിസ്റ്റൻറുമാരെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം നിലവിലുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: അത്യാവശ്യമായുള്ള വേക്കൻസികളും വരുകയാണെങ്കിൽ അത്യാവശ്യമായിട്ടുള്ള അത്തരം പോസ്റ്റുകളും നികത്തുന്നതിനുവേണ്ടി കളക്ടർമാർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും എടുക്കുന്നുണ്ടു്.

വിൽപന വരി അസിസ്റ്റൻറ് അപ്പലേറ്റ് കമിഷണർമാർ

* 142. [527] ശ്രീ. എൻ. കണപതി : *കീഴ് കാണും വിശദീകരണങ്ങൾക്കു റവന്യൂ മന്ത്രി അവർകൾ ദയവായി പറയുമോ :*

(എ) നമ്മുടെ സംസ്ഥാനത്തിൽ വിൽപന വരി അസിസ്റ്റൻറ് അപ്പലേറ്റ് കമിഷണർമാർ എത്രപേർ ഉണ്ട് ;

(ബി) അവർ എല്ലാവരും ബി. എൽ. അല്ലെങ്കിൽ എൽ. എൽ. ബി. ബിരുദം ലഭിച്ചവരാണോ ;

(സി) ബിരുദമില്ലാത്തവരുടെ എത്രപേർ സർവ്വീസിൽ ബിരുദമുള്ളവരായിത്തീർന്നു ;

(ഡി) അവരുടെ നിയമനത്തിൽ സർക്കാർ സ്വീകരിക്കുന്ന നയം എന്താണ് ;

(ഇ) ഈ തസ്തികയിലേക്കു് നിയമനം നടത്തുന്നതിനു് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പരീക്ഷ നടത്തുന്നുണ്ടോ ;

(എഫ്) ഇതുസംബന്ധിച്ചു് ടേക്സേഷൻ എൻക്വയറി കമ്മിറ്റി റിപ്പോർട്ടിലെ 146, 147-ാം പാരഗ്രാഫുകളിൽ പറഞ്ഞിട്ടുള്ള ശുപാർശകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ അതിന്റെ ഫലം എന്താണ് ?

Revenue Minister (**Smt. K. R. Gouri**). (a) There are 16 posts of Appellate Assistant Commissioners in Agriculture, Income-tax and Salestax Departments. Out of these, three posts are lying vacant.

(b) No

(c) Out of 13 Appellate Assistant Commissioners now working, 6 Appellate Assistant Commissioners do not possess law qualifications.

(d) No separate principle is followed regarding the appointment of Appellate Assistant Commissioners but only sui able persons are posted as Appellate Assistant Commissioners.

LIBRARY ARCHIVES Kerala Legislative Assembly

(e) Law qualification is not essential for appointment of Appellate Assistant Commissioners. Appointment to the category of Appellate Assistant Commissioners is made for among the cadre of Salestax Officers on the basis of seniority in the Select list prepared by the Departmental Promotion Committee according to the principles laid down for that purpose.

(f) & (g) The recommendations are under the consideration of Government.

ശ്രീ. കെ. എം. മാണി: സൂട്ടബിളായ പേഴ്സൺ എന്ന പറയുന്നിടത്തു് സൂട്ട ബിളിററി എന്തു മാനദണ്ഡത്തെയാണു് ആശ്രയിച്ചിട്ടുള്ളതു്?

ശ്രീമതി കെ. ആർ. ഗൗരി: സാധാരണ ഡിപ്പാർട്ടുമെൻറൽ പ്രമോഷൻ കമ്മിററി ഓരോ ആളിൻെറയും സർവ്വീസു് റിക്കാഡു നോക്കി ഒരു ലിസ്റ്റു് തയാറാക്കും അതിനുശേഷം അതിൽനിന്നും ആളുകളെ സെലക്ട ചെയ്യും. അതിൽനിന്നാണു് ഗവണ്മെൻറു് പിന്നെ തിരഞ്ഞെടുക്കുന്നതു്.

ശ്രീ കെ. എം. മാണി: ലിസ്റ്റു് തയാറാക്കി അയച്ചിട്ടുള്ളതിൻെറ മാനദണ്ഡം നിശ്ചയിക്കുന്നതു് സൂട്ടബിളിററി എന്നുള്ള തത്വം അനുസരിച്ചാണോ?

ശ്രീമതി കെ. ആർ. ഗൗരി: കൊളിഫിക്കേഷൻെറ കാര്യമാണു് ചോദിക്കുന്നതെങ്കിൽ സെയിൽസു് ടാക്സു് ആഫീസേഴ്സിൻെറ കൊളിഫിക്കേഷനിൽ കൂടുതൽ പറയുന്നില്ല. സെയിൽസു് ടാക്സു് ആഫീസേഴ്സിൻെറ ഗ്രഡേഷൻ ലിസ്റ്റിൽനിന്നു് മിടുക്കന്മാരായ Officers നെ ഡിപ്പാർട്ടുമെൻറൽ പ്രമോഷൻ കമ്മിററി പരിശോധിച്ചു് പോസ്റ്റു് ചെയ്യുന്നതാണു്.

ശ്രീ. എം. കൃഷ്ണൻ: ഇവിടെ മൂന്നു പോസ്റ്റുകൾ ഒഴിവാണെന്നു കാണുന്നുണ്ടു്. ഈ പോസ്റ്റുകളിൽ എന്തുകൊണ്ടാണു് ഇതുവരെയും ആളുകളെ നിശ്ചയിക്കാത്തതു്?

ശ്രീമതി. കെ. ആർ. ഗൗരി: മൂന്നു പോസ്റ്റുകൾ ഒഴിവായി കിടക്കുന്നുണ്ടു്. പ്രമോഷൻ ലിസ്റ്റു് ഉണ്ടാക്കുന്നതിനു് കുറച്ചു കാലതാമസമുണ്ടായി. പി. എസ്. സിയും, ഗവണ്മെൻറുമായി ചില കാര്യങ്ങളെസംബന്ധിച്ചു് എഴുത്തുകുത്തുകൾ നടത്തി. ഡിപ്പാർട്ടുമെൻറൽ പ്രമോഷൻ കമ്മിററി കുറച്ചുകാലമായി കൂടുന്നില്ല. അതിൻെറ അടിസ്ഥാനത്തിൽ കാലതാമസം വന്നതാണോ എന്നു വ്യക്തമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ബി. മാധവൻനായർ: ഈ തസ്തികകളിലേക്കുള്ള പ്രമോഷൻ, സീനിയാറിട്ടിയുടെമാത്രം അടിസ്ഥാനത്തിൽ നൽകുന്നതിനു് ഗവണ്മെൻറിനു് എന്തെങ്കിലും ആലോചനയുണ്ടോ?

ശ്രീമതി. കെ. ആർ ഗൗരി: ഇപ്പോഴത്തൽക്കാലം ആലോചനയില്ല. ഇവർ അസസ്സിംഗ് ഓഫീസറാട്ടിയാണു്, ഏററവും കൂടുതൽ വരുമാനമുള്ള ഡിപ്പാർട്ടുമെൻറാണു് സെയിൽടാക്സു് ഡിപ്പാർട്ടുമെൻറു്. മെരിററുംകൂടി നോക്കണമെന്നാണു് പറഞ്ഞിരിക്കുന്നതു്. സീനിയാറിട്ടി ആ നിലയിൽ സ്വീകരിച്ചിട്ടില്ല.

കേരളത്തിനു് സ്വയം നിർണ്ണയാവകാശവും സ്വാതന്ത്ര്യവും

* 143 (528) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിനു് സ്വയം നിർണ്ണയാവകാശവും സ്വാതന്ത്ര്യവും ലഭിച്ചാൽ മാത്രമേ ഇവിടത്തെ തൊഴിൽപ്രശ്നവും മറെറല്ലാ പ്രശ്നങ്ങളും പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കുകയുള്ളുവെന്നും അതിനുവേണ്ടിയാണു് താൻ പരിശ്രമിക്കുന്നതെന്നും തൊഴിൽ വകുപ്പുമന്ത്രി 1969 മേയു് 26-ാം തീയതി പാലക്കാട്ടുവെച്ചു് പ്രസ്താവിക്കുകയുണ്ടായോ?

LIBRARY ARCHIVES Kerala Legislative Assembly